പതിനാലാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3133 19-6-2018-ൽ മറുപടിയ്ക്ക്

# കൊയിലാണ്ടിയിൽ വെറ്ററിനറി സർവ്വകലാശാലയുടെ പ്രാദേശിക കേന്ദ്രം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. കെ. ദാസൻ | | അഡ്വ. കെ. രാജു<br>(വനവും മൃഗസംരക്ഷണവും മൃഗശാലയും വകുപ്പ് മന്ത്രി) |
| എ) | കൊയിലാണ്ടി നിയോജക മണ്ഡലത്തിൽ വെറ്ററിനറി സർവ്വകലാശാലയുടെ പ്രാദേശിക കേന്ദ്രം സ്ഥാപിക്കുന്നത് സംബന്ധിച്ച് കേരള വെറ്ററിനറി ആന്റ് ആനിമൽ സയൻസസ് യൂണിവേഴ്സിറ്റി ഇതുവരെ നടത്തിയ കത്തിടപാടുകളും പ്രവർത്തനങ്ങളും വ്യക്തമാക്കാമോ ; | എ യും ബി യും സി യും | വെറ്ററിനറി സർവ്വകലാശാലയുടെ ഒരു മേഖലാ കേന്ദ്രം കൊയിലാണ്ടിയിൽ സ്ഥാപിക്കുന്നതിന് സർവ്വകലാശാല ഭരണ സമിതി അംഗീകാരം നൽകുകയും അതുമായി ബന്ധപ്പെട്ട് സർവ്വകലാ ശാലാ അധികൃതർ സ്ഥലം പരിശോധിക്കുകയും പ്രസ്തുത സ്ഥലം ഉചിതമായ രീതിയിൽ സർവ്വകലാ ശാലയ്ക്ക് കൈമാറുന്ന മുറക്ക് കേന്ദ്രം സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നതാണെന്ന് ബന്ധ പ്പെട്ട അധികാരികളെ അറിയിക്കുകയും ചെയ്തിട്ടുണ്ട്. ഇതു സംബന്ധിച്ച് കൊയി ലാണ്ടി മുനിസിപ്പാലിറ്റി സെക്രട്ടറിക്ക് വെറ്ററിനറി സർവ്വകലാശാല 7-8-2017 ൽ കത്തയച്ചിട്ടുണ്ട്. എന്നാൽ നാളിതു വരെ സ്ഥലം സർവ്വകലാ ശാലയ്ക്ക് ലഭ്യമാകാത്തതിനാൽ പദ്ധതി ആരംഭി ക്കാൻ വേണ്ട നടപടികൾ സ്വീകരിക്കു വാൻ സാധിച്ചിട്ടില്ല. |
| ബി) | ഈ പദ്ധതിയുടെ തുടർ പ്രവർത്തനങ്ങൾ മുന്നോട്ട് പോകാത്തതിന് തടസ്സകാരണ ങ്ങൾ ഉണ്ടെങ്കിൽ ആയത് വ്യക്തമാ ക്കാമോ ; | | |
| സി) | ഈ വിഷയവുമായി ബന്ധപ്പെട്ട് കൃഷി വകുപ്പ് ഏതെങ്കിലും തരത്തിലുള്ള തീരുമാനങ്ങൾ എടുത്തിട്ടുണ്ടോ ; പദ്ധതി പ്രവർത്തനങ്ങൾ മുന്നോട്ട് പോകുന്നു ണ്ടെങ്കിൽ ആയതിന്റെ നിലവിലെ അവസ്ഥ വ്യക്തമാക്കാമോ ? | | |

സെക്ഷൻ ഓഫീസർ